LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പോലീസ് സേനയിൽ ക്രിമിനൽ കേസിൽ ഉൾപ്പെട്ട 940 ഉദ്യോഗസ്ഥർ ഉണ്ട്.

(ബി) കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്കെതിരെ രജിസ്റ്റർ ചെയ്യുന്ന ക്രൈം കേസുകളിലെ കോടതി ഉത്തരവിന്റെയും അവർക്കെതിരായി വകുപ്പ് തലത്തിൽ നടത്തുന്ന അന്വേഷണത്തിന്റെയും അടിസ്ഥാനത്തിൽ തെളിഞ്ഞ കുറ്റത്തിന് ആനുപാതികമായ ശിക്ഷയാണ് നൽകിവരുന്നത്. സർക്കാരിന് സമർപ്പിക്കപ്പെടുന്ന പുനഃപരിശോധന ഹർജികൾ പരിശോധിക്കുന്ന വേളയിൽ, കുറ്റത്തിന് ആനുപാതികമായ ശിക്ഷ ലഭിച്ചിട്ടില്ല എന്ന് കണ്ടാൽ ശിക്ഷ വർദ്ധിപ്പിച്ച് നൽകാറുണ്ട്.

(സി) പോലീസ് ഉദ്യോഗസ്ഥർ സമർപ്പിക്കുന്ന അപ്പീൽ/പുനഃപരിശോധനാ ഹർജികൾ പരിശോധിച്ച് അർഹതയുള്ള കേസുകളിൽ ശിക്ഷ ഇളവ് ചെയ്ത് നൽകാറുണ്ട്.

ക്രമസമാധാന രംഗത്ത് ദേശീയതലത്തിൽ നേട്ടം

236 (237) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ക്രമസമാധാന രംഗത്ത്, കേരളം ദേശീയതലത്തിൽ ഉന്നതസ്ഥാനത്ത് എത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) ഇത് സംബന്ധിച്ച റിപ്പോർട്ടുകളുടെയും സർവ്വെകളുടെയും വിശദാംശങ്ങൾ എന്തെല്ലാമാണ് ;

(സി) പ്രസ്തുത നേട്ടം കൈവരിക്കുവാൻ എന്തെല്ലാം നടപടികളാണ് ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) ക്രമസമാധാന രംഗത്ത് കൂടുതൽ നേട്ടങ്ങൾ കൈവരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത്, വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ & ബി) ഇന്ത്യയിലെ മികച്ച സംസ്ഥാനങ്ങളെക്കുറിച്ചുള്ള 'ഇന്ത്യാ ടുഡേ' വാർഷിക സർവ്വേയിൽ കഴിഞ്ഞ ഒരു വർഷത്തെ ക്രമസമാധാന പാലനത്തിന്

കേരളത്തിന് ഒന്നാം സ്ഥാനം ലഭിച്ചതായി 2012 നവംബർ 14-ാം തീയതിയിലെ 'ഇന്ത്യാടുഡേ' യിൽ പ്രസിദ്ധീകരിച്ച വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി & ഡി) ഓരോ സ്ഥലത്തെയും ജനസംഖ്യയും ക്രൈംറേറ്റും ദൂരപരിധിയും കണക്കാക്കി പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചതിന്റെ ഫലമായി സംസ്ഥാനത്ത് കുറ്റകൃത്യങ്ങൾ തടയുവാൻ പോലീസിന് വളരെ വേഗം സാധിക്കുകയും കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്യാൽ എത്രയും പെട്ടന്ന് തന്നെ നിയമനടപടികൾ സ്വീകരിക്കുവാനും സാധിക്കുന്നു. ക്രമസമാധാനനില അവലോകനം ചെയ്യാൻ എല്ലാ മാസവും സംസ്ഥാന പോലീസ് മേധാവിയുടെ നേതൃത്വത്തിൽ ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ യോഗം ചേരാറുണ്ട്. പ്രസ്തുത യോഗത്തിൽ ക്രമസമാധാന പരിപാലനത്തിനായി സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുന്നുണ്ട്. ജനമൈത്രി പോലീസ് സംവിധാനം, ക്ലീൻ ക്യാംപസ് സേഫ് ക്യാംപസ് പദ്ധതി, സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിനായി സീറോ ടോളറൻസ് പദ്ധതി, നിർഭയ പദ്ധതി, നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കൽ, 'ഓപ്പറേഷൻ കുബേര', സ്റ്റുഡന്റ് പോലീസ് കേഡറ്റ് തുടങ്ങിയ പദ്ധതികളിലൂടെ സമൂഹത്തിന്റെ വിവിധ കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനും തടയുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. ജനങ്ങൾ ടി പദ്ധതികളുമായി കൂടുതൽ സഹകരിക്കുന്നതിനാൽ ക്രമസമാധാന രംഗത്ത് കൂടുതൽ നേട്ടങ്ങൾ കൈവരിക്കാനായിട്ടുണ്ട്.

ക്രിമിനൽ കേസിൽ കുറ്റപത്രത്തിനു ശേഷമുള്ള നടപടികൾ

237 (238) ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒന്നിലേറെ പേർ കൊലപാതക ശ്രമത്തിന് പ്രതികളായിട്ടുള്ള ക്രിമിനൽ കേസിൽ കുറ്റപത്രം കോടതിയിൽ സമർപ്പിക്കപ്പെട്ടതിനുശേഷം ഒരാളുടെ പങ്കാളിത്തം സംബന്ധിച്ച് സർക്കാരിന് സംശയമുണ്ടായാൽ നിയമാനുസൃതം സ്വീകരിക്കേണ്ടുന്ന നടപടികൾ വിശദമാക്കാമോ ;

(ബി) കുറ്റപത്രം സമർപ്പിക്കപ്പെട്ട കേസിൽ പ്രതികളായവരിൽ ഒരാൾ നിരപരാധിത്വം അറിയിച്ച് ഹർജി തന്നാൽ ക്രിമിനൽ നടപടിക്രമമനുസരിച്ച് സർക്കാർ സ്വീകരിക്കുന്ന നടപടികൾ എന്താണെന്നറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly